"ഭരണ ഭാഷ - മാതൃ ഭാഷ"

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്,
തിരുവനന്തപുരം, **28-07-2026**

(അനുബന്ധം - എച്ച് 5)
നോട്ടീസ്

**21.11.2024** മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാത്ത മാനന്തവാടി സർക്കാർ പോളിടെക്നിക് കോളേജിലെ കമ്പ്യൂട്ടർ എഞ്ചിനിയറിംഗ് വിഭാഗം ലക്ച്ചറർ ശ്രീ ഷെരീഫ് പി.എം-ന് എതിരായ കുറ്റപത്രം ദിനപത്രത്തിൽ പ്രസിദ്ധീകരിച്ച് **15** ദിവസത്തിനകം പ്രതിവാദ പത്രിക ലഭിക്കേണ്ടതാണ്.

വിശദ വിവരങ്ങൾക്ക് **www.dtekerala.gov.in** എന്ന വെബ് സൈറ്റ് സന്ദർശിക്കുക.

**Dr JAYAPRAKASH P**
**DIRECTOR**

Digitally signed by
Jayaprakash P
Date: 28-07-2026
12:12:24

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്,
തിരുവനന്തപുരം,19-06-2026

"ഭരണ ഭാഷ - മാതൃ ഭാഷ"
(അനുബന്ധം - എച്ച് 4)
നോട്ടീസ്

ശ്രീ ഷെരീഫ് പി.എം, കമ്പ്യൂട്ടർ എഞ്ചിനീയറിംഗ് വിഭാഗം ലക്ച്ചറർ, മാനന്തവാടി എന്നയാളെ അറിയിക്കുന്നതെന്തെന്നാൽ, 1960-ലെ കേരള സിവിൽ സർവീസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങളിൽ വിഭാവനം ചെയ്യുന്ന പ്രകാരമുള്ള ശിക്ഷണ നടപടികൾ സ്വീകരിക്കാതിരിക്കുവാൻ കാരണം ഉണ്ടെങ്കിൽ അത് ബോധിപ്പിക്കുവാനായി 02.07.2025-ൽ കുറ്റപത്രവും കുറ്റാരോപണ പത്രികയും നൽകിയിരുന്നു. ആയതിനുള്ള മറുപടിയിൽ താങ്കളുടെ അവധി കാലാവധി 5 വർഷത്തേയ്ക്ക് കൂടി നീട്ടി നൽകണമെന്നാവശ്യപ്പെട്ടിരുന്നു.

എന്നാൽ 05.11.2020 ലെ സ. ഉ. (അച്ചടി) നം.152/2020/ധന. ഖണ്ഡിക 2 പ്രകാരം 5 വർഷത്തിന് ശേഷം ജോലിയ്ക്ക് ഹാജരാകാതിരുന്നാൽ Deemed Resignation ആയി പരിഗണിക്കേണ്ടതാണ് എന്ന് ഉത്തരവായിട്ടുള്ളതിനാൽ താങ്കൾക്ക് സർവീസിൽ നിന്നും Deemed Resignation അനുവദിച്ച് നൽകുവാൻ തീരുമാനിച്ചിരിക്കുന്നതായും, ഈ തീരുമാനത്തിനെതിരെ താങ്കൾക്ക് എന്തെങ്കിലും എതിർവാദം ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് മെമ്മോറാണ്ടം കൈപ്പറ്റി 15 ദിവസത്തിനുള്ളിൽ ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതാണെന്നും അല്ലാത്ത പക്ഷം ഈ തീരുമാനം സ്ഥിരപ്പെടുത്തുന്നതായിരിക്കും എന്നറിയിച്ച് മാനന്തവാടി സർക്കാർ പോളിടെക്നിക് കോളേജ് പ്രിൻസിപ്പാൾ മുഖേന 16.12.2025-ൽ ഇ-മെയിൽ മുഖാന്തിരവും, 17.02.2026-ൽ സ്ഥാപനത്തിൽ ലഭ്യമായ താങ്കളുടെ മേൽവിലാസത്തിൽ രജിസ്റ്റേർഡ് എ ഡി സഹിതവും അയച്ചിരുന്നു. എന്നാൽ ആയത് കൈപ്പറ്റാതെ തിരികെ ഓഫീസിൽ ലഭ്യമാകുകയും ചെയ്തിട്ടുള്ളതാണ്. ആയതിനാൽ ഈ നോട്ടീസ് പരസ്യപ്പെടുത്തുന്ന ദിവസം മുതൽ 15 ദിവസത്തിനുള്ളിൽ താങ്കൾക്കെതിരെയുള്ള മെമ്മോയ്ക്ക് താങ്കളുടെ ലിഖിതമായ പ്രതിവാദ പത്രികയോ മറ്റു വിശദീകരണമോ ലഭിക്കാത്ത പക്ഷം താങ്കൾക്ക് യാതൊരു എതിർവാദവും ബോധിപ്പിക്കുവാനില്ല എന്ന അനുമാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതുമാണ്. താങ്കൾക്കെതിരെയുള്ള കുറ്റ പത്രം, കുറ്റാരോപണ പത്രിക, മെമ്മോ എന്നിവ നിശ്ചിത കാലാവധിക്ക് മുമ്പ് ഡയറക്ടർ, സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം- ൽ നിന്നും ഓഫീസ് പ്രവൃത്തി സമയങ്ങളിൽ നേരിട്ടോ അല്ലെങ്കിൽ അത് അയയ്ക്കേണ്ടതായ മേൽവിലാസം നൽകിക്കൊണ്ട് താങ്കൾ സമർപ്പിക്കുന്ന അപേക്ഷയിൻമേലോ താങ്കൾക്ക് കൈപ്പറ്റാവുന്നതാണ്.

Digitally signed by
Jayaprakash P
Date: 19-06-2026
16:32:54

Dr JAYAPRAKASH P
DIRECTOR

സ്വീകർത്താവ്:

ശ്രീ ഷെരീഫ് പി.എം, S/o അമ്മദ് കെ. കെ., കിഴക്കേക്കര (വീട്), പാണ്ടിക്കോട്, പേരാമ്പ്ര, കോഴിക്കോട് -673525